എന്നിവ കാരണമോ, കുറ്റക്കാരനാണെന്ന് കണ്ടാൽ വൈസ് ചാൻസലർക്ക് ആ മാനേജരുടെ മേൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളുന്നതിനും ആ മാനേജരുടെ സ്ഥാനത്ത് മറ്റൊരു മാനേജരെ നിയമിക്കാൻ നിർദ്ദേശം നൽകാനും അധികാരമുണ്ട്. ടി നിർദ്ദേശം അനുസരിക്കാതിരുന്നാൽ ആ സ്ഥാപനത്തിനുള്ള ധനസഹായവും ഗ്രാന്റും അഫിലിയേഷനും പിൻവലിക്കാവുന്നതാണ്.

ഏതെങ്കിലും ഒരു പ്രൈവറ്റ് കോളേജ് യൂണിവേഴ്സിറ്റി ആക്ട്, സ്റ്റാറ്റ്യൂട്ട്സ്, ഓർഡിനൻസ്, റഗുലേഷൻസ്, ഉത്തരവുകൾ, നിയമനങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതു കണ്ടാൽ സിൻഡിക്കേറ്റിന് ആ കോളേജിനുള്ള ധനസഹായവും ഗ്രാന്റും നിർത്തിവയ്ക്കാനും അതിന്റെ സർവ്വകലാശാലയുമായുള്ള അഫിലിയേഷൻ പിൻവലിക്കാനും സർക്കാരിനോട് ശുപാർശ ചെയ്യാം.

(ബി) സർവ്വകലാശാല സിൻഡിക്കേറ്റിന് കോളേജുകൾക്ക് അഫിലിയേഷൻ നൽകാനോ, അഫിലിയേഷൻ തടഞ്ഞുവയ്ക്കാനോ, പിൻവലിക്കാനോ അധികാരമുണ്ട്. കോളേജു വിദ്യാർത്ഥികളുടെ പരാതികൾ കേൾക്കാനും അവ പരിഹരിക്കുന്നതിനും വൈസ് ചാൻസലർ ചെയർമാനായും യൂത്ത് വെൽഫെയർ ഡയറക്ടർ, 3 സെനറ്റംഗങ്ങൾ (അതിലൊരാൾ വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു കോളേജ് പ്രിൻസിപ്പലായിരിക്കും) യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ, വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് കോളേജ് യൂണിയൻ സ്പീക്കർമാർ, അക്കാദമിക് കൗൺസിലിലെ രണ്ട് അംഗങ്ങൾ (അതിലൊരാൾ വി.സി. നാമനിർദ്ദേശം ചെയ്യുന്ന ഒരു കോളേജ് പ്രിൻസിപ്പലായിരിക്കും) എന്നിവർ അംഗങ്ങളായുള്ള ഒരു ബോർഡ് രൂപീകരിക്കുന്നതാണ്. പരാതികൾ യൂണിവേഴ്സിറ്റി യൂണിയൻ മുഖാന്തിരമോ, പ്രസ്തുത കോളേജ് പ്രിൻസിപ്പൽ മുഖാന്തിരമോ ചെയർമാന് സമർപ്പിക്കാവുന്നതാണ്. ചെയർമാൻ പരാതിയിൻമേൽ പ്രാഥമികാന്വേഷണം നടത്തുകയും ആവശ്യമെന്നു കണ്ടാൽ ആ പരാതി ബോർഡിന്റെ പരിഗണനയ്ക്കായി വയ്ക്കുകയും ചെയ്യും. ബോർഡ് പരാതി വിശദമായി പരിശോധിക്കുകയും അന്വേഷണം നടത്തുകയും വേണ്ടിവന്നാൽ കക്ഷികളെ വിസ്തരിക്കുകയും അവരുടെ വാദം കേൾക്കുകയും ചെയ്യും. അതിനുശേഷം അന്വേഷണ റിപ്പോർട്ട് മേൽനടപടിക്കായി സിൻഡിക്കേറ്റിന് കൈമാറുന്നതാണ്.

(സി) മതിയായ അന്വേഷണം നടത്താതെയാണ് വിദ്യാർത്ഥികളെ പ്രിൻസിപ്പാൾ പുറത്താക്കിയതെന്നും അതിലൂടെ സാമാന്യനീതി നിഷേധിക്കപ്പെട്ടു എന്നും സിൻഡിക്കേറ്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി&എച്ച്) വിവരം ശേഖരിച്ചുവരുന്നു.

23 (*113) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളികളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) മത്സ്യ തൊഴിലാളി കോളനികളിലെ വീടുകൾ വൈദ്യുതീകരിക്കുന്നതിനും ശുദ്ധജലം എത്തിക്കുന്നതിനും മറ്റ് പ്രാഥമികസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) മത്സ്യ തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള മത്സ്യ തൊഴിലാളി ക്ഷേമനിധിബോർഡ്, മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) മത്സ്യ തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി താഴെ പറയുന്ന രണ്ടു കേന്ദ്രപദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ദേശീയ മത്സ്യ തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെ ഭവനനിർമ്മാണപദ്ധതി.

2. പത്താം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരമുള്ള മെച്ചപ്പെട്ട ഭവന നിർമ്മാണപദ്ധതി.

മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾ പ്രകാരവും തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി വീടൊന്നിന് 35,000/- രൂപ സൗജന്യമായി നൽകിവരുന്നു. നടപ്പു സാമ്പത്തികവർഷം ഇപ്രകാരം 3857 വീടുകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഇക്കാര്യങ്ങൾക്കായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തീരജ്യോതി പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളിഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായി വീടൊന്നിന് 1,000/- രൂപ സൗജന്യമായി നൽകിവരുന്നു.

പത്താം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരമുള്ള കുടിവെള്ളവിതരണ പദ്ധതി പ്രകാരം, മത്സ്യത്തൊഴിലാളി കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിന് 7 കോടി രൂപ ചെലവിൽ ബഹത്തായ ഒരു പദ്ധതി നടപ്പാക്കിവരുന്നു.

24 (*114) എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ള :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ആരംഭി

---

† അനുബന്ധം-IV.

1116/2010.

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമെ അടിസ്ഥാന സൗകര്യ-വികസന പദ്ധതികളിലായി റവന്യൂ-ടവർ കമേഴ്സ്യൽ കം ഓഫീസ് കോംപ്ലക്സുകൾ, ഡെപ്പോസിറ്റു പദ്ധതികൾ എന്നിവയും ബോർഡ് നടപ്പാക്കിവരുന്നു.

അനുബന്ധം IV

24.2.2000 ത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 23 (*113) ദയവായി കാണുക.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് വഴി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ

1. ഗ്രൂപ്പ് ഇൻഷ്വറൻസ്.
2. അപകട ചികിത്സാ ധനസഹായം.
3. മത്സ്യബന്ധന സമയത്തോ, തൊട്ട് പിന്നാലെയോ അപകടം കൊണ്ടല്ലാതെ മരണമടയുന്നവരുടെ ആശ്രിതർക്ക് ധനസഹായം.
4. വിവാഹ ധനസഹായം.
5. വാർദ്ധക്യകാല പെൻഷൻ.
6. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം
7. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം
8. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം
9. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡും തുടർവിദ്യാഭ്യാസത്തിന് ധനസഹായം
10. കുടുംബസംവിധാന പദ്ധതി
11. മാരകരോഗ ചികിത്സാ പദ്ധതി
12. ചെയർമാൻ റിലീഫ് പദ്ധതി
13. നേത്രജ്യോതി പദ്ധതി
14. ബോർഡിന്റെ പ്രത്യേക ധനസഹായം
15. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായപദ്ധതി
16. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനപദ്ധതി
17. മത്സ്യത്തൊഴിലാളി ഗൈഡൻസ് പദ്ധതി
18. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി
19. ശ്രേഷ്ഠമത്സ്യത്തൊഴിലാളികൾക്ക് പുരസ്കാരം

2. <u>മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ</u>

1. സംയോജിത കടലോര മത്സ്യവികസന പദ്ധതി
2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെയുള്ള വിവിധ പദ്ധതികൾ
3. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടെയുള്ള വിവിധ പദ്ധതികൾ
4. ആർ.എം.കെ. ലോൺ

LIBRARY ARCHIVES Kerala Legislative Assembly

5. അനുയോജ്യമായ വല വിതരണം ചെയ്യൽ
6. ബാങ്ക്ബിൽ സ്കീം
7. മോട്ടോറൈസേഷൻ സ്കീം
8. ന്യൂ ജനറേഷൻ ക്രാഫ്റ്റ്
9. പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം
10. സംയോജിത ഉൾനാടൻ മത്സ്യവിതരണ പദ്ധതി
11. അലങ്കാര മത്സ്യകൃഷി പദ്ധതി
12. മത്സ്യവിപണന സ്റ്റാർ പദ്ധതി
13. വനിതാ ബസ് സർവീസ്

3. ഫിഷറീസ് വകുപ്പു മുഖേന നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ

1. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ
2. ഫിഷറീസ് ഡിസ്പെൻസറികൾ
3. സാനിട്ടേഷൻ പദ്ധതി
4. ദേശീയ മത്സ്യത്തൊഴിലാളിക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി
5. മത്സ്യ ഭവനുകൾ
6. പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി
7. ഫിഷറീസ് റോഡുകൾ
8. ശുദ്ധജല വിതരണ പദ്ധതി
9. സമ്പാദ്യ ആശ്വാസ പദ്ധതി
10. തീരജ്യോതി പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly